"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ആർ.ഡി3/113/2022/തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-05-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - 2019 ലെ കേരളാ മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 14 - മൊബൈൽ-ടെലികമ്മ്യൂണിക്കേഷൻ നിർമ്മാണ മേഖലയിലെ നിർമ്മാണാനുമതി അപേക്ഷകൾ തീർപ്പാക്കുന്നതു സംബന്ധിച്ച്-

**********************

മൊബൈൽ- ടെലികമ്മ്യൂണിക്കേഷൻ നിർമ്മാണ മേഖലയിലെ നിർമ്മാണാനുമതി അപേക്ഷകൾ സമയപരിധി കവിഞ്ഞ് തീർപ്പാക്കാതെ അവശേഷിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൃത്യമായി പാലിച്ച് അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കേണ്ടതാണ്. ആയതിനു ബാധകമായ ചട്ടങ്ങൾ അറിവിലേയ്ക്കും പാലിയ്ക്കപ്പെടുന്നതിനുമായി ചുവടെ ചേർക്കുന്നു.

2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 83:

83. *Essentiality of permit.*— No person shall erect or re-erect any non-Governmental telecommunication tower or telecommunication pole structures or accessory rooms or make alteration or cause the same to be done without first obtaining a separate permit for each such tower or telecommunication pole structures from the Secretary.

2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 14:

*14. Reference to council where the Secretary delays to grant or refuse or approve permit.* —(1) The Council shall, if the Secretary, neither approves nor disapproves a building site, neither gives nor refuses permission to execute any work within fifteen days from the date of receipt of the application, on the written request of the applicant, be bound to determine whether such approval or permission should be given or not.

(2) Where the Council does not, within thirty days from the date of receipt of such written request, determine whether such approval or permission should be given or not, such approval or permission shall be deemed to have been given, and the applicant may proceed

to execute work, but not so as to contravene any provision of the Act or these rules or bye-laws made there under:

Provided that such execution of work shall be considered as duly permitted and not one for regularization and permit shall be issued as per rules even if the work has been commenced, being carried on or completed if it otherwise complies with rule provisions.

(3) On the expiry of forty five clear days from the date of valid applications the applicant shall submit a letter stating that he is commencing the work of the building/structure/telecommunication/mobile tower applied for as provided in the original applications as per Rules, specifying the date of commencement.

All Secretaries of Local Self Government Institutions shall acknowledge the receipt of the letter stated in the above paragraph with stamp and date on the same day on the duplicate copy of the letter. This shall be a deemed permission along with the acknowledgment of original application submitted.

അതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിയ്ക്കുന്ന വിവിധ അനുമതികൾക്കായുള്ള അപേക്ഷകളിന്മേൽ പരമാവധി 45 ദിവസത്തെ സമയപരിധി കർശനമായി പാലിക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരം അപേക്ഷ തീർപ്പാക്കുന്നതിലെ സമയപരിധി പാലിക്കപ്പെടാതിരിക്കുന്ന വിഷയം സർക്കാർ ഗൗരവമായി വീക്ഷിക്കുന്നു. കെട്ടിട നിർമ്മാണ ചട്ടം 14 പ്രകാരം ഏതെങ്കിലും പ്രവർത്തനങ്ങളുടെ അനുമതിയ്ക്കായുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സെക്രട്ടറി ആയത് അംഗീകരിയ്ക്കുകയോ നിരസിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അപേക്ഷകന്റെ ലിഖിതമായ അപേക്ഷയിന്മേൽ അത്തരത്തിലുള്ള അനുമതി നൽകാവുന്നതാണോ എന്ന് കൗൺസിലിനു തീരുമാനിയ്ക്കാവുന്നതാണ്. അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ കൗൺസിൽ/ ഭരണസമിതി തീരുമാനം എടുക്കാത്തപക്ഷം സ്വമേധയാ അംഗീകാരം ലഭ്യമായതായി കണക്കാക്കി ചട്ടങ്ങൾക്കും നിയമങ്ങൾക്കും ബൈലോകൾക്കും വിധേയമായി നിർമ്മാണപ്രവർത്തികൾ ആരംഭിക്കാവുന്നതാണ്. ആയതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് നൽകേണ്ടതുമാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
**Signed by Sindhu.p.g.**
**Date: 26-05-2022 11:17:53**
സെക്ഷൻ ഓഫീസർ.

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി